24.	തെല്ലപ്പള്ളി	105.25	കി. ഗ്രാം
25.	അങ്ങാത്തേരി	110.20	,,
26.	ഓഗല്ലൂർ	65.20	,,
27.	പറളി	145.20	,,
28.	പുരാവമ്പ	105.20	,,
29.	പെരുങ്കുന്നം	55.20	,,
30.	പുതുക്കോട്	85.20	,,
31.	പോത്തുണ്ടി	20.20	,,
32.	പല്ലച്ചന	65.25	,,
33.	പട്ടാഞ്ചേരി	65.25	,,
34.	പാലപ്പുറം	95.70	,,
35.	പെരുമുടിയൂർ	90.20	,,
36.	പൊട്ടാശ്ശേരി	85.20	,,
37.	ഷൊർണ്ണൂർ	55.20	,,
38.	തേങ്കുറിശ്ശി	65.20	,,
39.	വേങ്കര	85.70	,,
40.	തൃത്താല	215.70	,,
41.	തൃത്താല സി.പി. യൂനിറ്റ്	20.70	,,
42.	താരൂർ	60.00	,,
43.	തത്തമംഗലം	30.25	,,
44.	വണ്ടഴി	115.70	,,
45.	വാടന്നൂർ	125.45	,,
46.	വിളയൂർ	100.20	,,
	മൊത്തം	3719.00	,,

(സി) വിതരണം നടത്താത്ത യൂണിറ്റുകൾക്കുള്ള കെട്ടിടങ്ങൾ കണ്ടുപിടിക്കുന്നതിലും സ്റ്റാഫിനെ നിയമിക്കുന്നതിലും മറ്റുമുണ്ടായ കാലതാമസമാണ് ഇതിനു കാരണം.

(ഡി) വരുന്ന വിരിപ്പുകൃഷിക്കാലത്ത് 15 ടൺ റാി-9 എന്നു ള്ളതും ഉഴുന്നുവിത്തും 4 ടൺ സി 152 ഇനം വൻ പയർവിത്തും വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

മൾട്ടിപ്പിൾ ക്രോപ്പിംഗ് പ്രോജക്ടുകൾ

586 [844] ശ്രീ. എ.എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര മൾട്ടിപ്പിൾ ക്രോപ്പിംഗ് പ്രോജക്ടുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) അവ എവിടെയെല്ലാമാണുള്ളത്;

(സി) കേരളത്തിൽ പുതിയ മൾട്ടിപ്പിൾ ക്രോപ്പിംഗ് പ്രോജക്ടുകൾ ആരംഭിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മംട്ടിപ്പിയം ക്രോപ്പിംഗ് പ്രോജക്ടുകളിൽ നടപ്പാക്കുന്ന പദ്ധതിയെക്കുറിച്ച് ഒരു വിശദീകരണം നൽകുമോ;

(എഫ്) അട്ടപ്പാടി ഭാഗത്ത് ഒരു മംട്ടിപ്പിയം ക്രോപ്പിംഗ് പ്രോജക്ട് ആരംഭിക്കാൻ വേണ്ടുന്ന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 3

(ബി) 1. അങ്കമാലി 2. നെൻമാറ 3. ചെങ്ങന്നൂർ

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇതിനെപ്പറ്റിയുള്ള വിവരം താഴെ കൊടുക്കുന്നു:

1. ഗവേഷണ കേന്ദ്രങ്ങളിൽ നിന്നു കിട്ടുന്ന ശാസ്ത്രീയമായ അറിവുകളും സാധാരണ കൃഷിക്കാർക്കിടയിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി അവരുടെ കൃഷിയിടത്തിൽ തന്നെ പരീക്ഷണങ്ങളും നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും അനുയോജ്യമായ കൃഷി സമ്പ്രദായങ്ങളും സ്വീകരിക്കുന്നതിന് സഹായിക്കുക.

2. ശാസ്ത്രീയമായ കൃഷി സമ്പ്രദായങ്ങളും സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയും, ഗുണങ്ങളും കൃഷിക്കാർക്ക് ബോദ്ധ്യപ്പെടുത്തി കൊടുക്കുന്നതിനുവേണ്ടി അവരുടെതന്നെ കൃഷിസ്ഥലങ്ങളിൽ പദ്ധതി പ്രദേശത്ത് കൂടുതൽ പ്രദർശനത്തോട്ടങ്ങളും സംഘടിപ്പിക്കുന്നു. പ്രധാന വിളകൾക്കെല്ലാം ഈ വിധത്തിലുള്ള പ്രദർശനത്തോട്ടങ്ങളും നടത്താറുണ്ട്.

3. ഇന്നുള്ള പരിമിതമായ കൃഷിസ്ഥലങ്ങളിൽ ജലവിതരണ പദ്ധതികളിൽനിന്ന് ലഭിക്കുന്ന വെള്ളം ഉപയോഗിച്ച് ബഹുവിധ വിളകളും യോജ്യമായ വിളപരിക്രമം മൂലം കൃഷി ചെയ്ത് ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിന് സഹായകമായ പരിപാടികളും നടപ്പാക്കുക.

4. ഓരോ സ്ഥലത്തേക്കും അനുയോജ്യമായ ഇടവിളകളും എന്തൊക്കെയാണെന്ന് പരീക്ഷണങ്ങളും മൂലം മനസ്സിലാക്കുകയും, അതു കൃഷിക്കാർക്കിടയിൽ പ്രചരിപ്പിക്കുകയും പ്രയോഗത്തിൽക്കൊണ്ടുവരുകയും ചെയ്യുക.

5. ചെറുകിട കൃഷിക്കാർക്കും കർഷകത്തൊഴിലാളികൾക്കും, പ്രയോജനപ്പെടുന്ന സെമിനാറുകളും പരിശീലന പരിപാടികളും കൂടുതലായി നടപ്പാക്കിവരുന്നുണ്ട്. പദ്ധതി പ്രദേശത്തിന്റെ വിവിധഭാഗങ്ങളിൽ വച്ച് അവർക്ക് സസ്യസംരക്ഷണത്തെക്കുറിച്ചും, അതിന് ആവശ്യമായ യന്ത്രസാമഗ്രികളും, ഉപയോഗിക്കുന്ന രാസവസ്തുക്കളും, എന്നിവയെ പറ്റിയും വിശദമായി ക്ലാസ്സുകളും നടത്തിവരുന്നു. കൂടുതൽ സ്ഥലത്ത് പ്രധാനവിളകളും കൃഷി ചെയ്യുന്നതിന്റെ ആവശ്യകതയും പ്രായോഗിക വശങ്ങളും കൃഷിക്കാർക്കു മനസ്സിലാക്കികൊടുക്കുന്നതിനുവേണ്ട പ്രചരണം കൊടുക്കുന്നുണ്ട്.

മേൽപ്പറഞ്ഞ മാർഗ്ഗങ്ങളും സ്വീകരിക്കുന്നതു മൂലം കൃഷിക്കാർക്ക് അവരുടെ ഉൽപ്പാദനവും, ആദായവും വർദ്ധിപ്പിക്കുന്നതിനു സാധിക്കും. കൃഷിയുമായി ബന്ധപ്പെട്ടു കഴിയുന്ന ആളുകൾക്ക് തൊഴിലവസരങ്ങളും കൂടുതൽ ഉണ്ടാക്കുന്നതിനും സാദ്ധ്യതയുണ്ട്.

(എഫ്) തൽക്കാലം ഈ പ്രോജക്ട് ആരംഭിക്കാൻ പരിപാടി ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly